# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **3850** — **31.01.2014**- ലെ മറുപടിക്ക്

### വനിതാ സഹകരണ സംഘങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീമതി കെ. കെ. ലതിക | | ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് എത്ര വനിതാ സഹകരണ സംഘങ്ങളിൽ സർക്കാർ ഓഹരി മൂലധനം നൽകിയിട്ടുണ്ടെന്നും ഈ ഇനത്തിൽ എന്ത് തുക മൊത്തം വിനിയോഗിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 138 വനിതാ സഹകരണ സംഘങ്ങൾക്ക് ഓഹരി ഇനത്തിൽ 1,09,77,500 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. |
| ബി) | വനിതാ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധനം അനുവദിച്ച് നൽകുന്നതിന്റെ മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (ബി) | വനിതാ സഹകരണ സംഘങ്ങൾക്ക് സർക്കാരിൽ നിന്നും ഓഹരിമൂലധനം നൽകുന്നതിനുള്ള വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.<br>1. സംഘത്തിൽ മിനിമം 100 അംഗങ്ങൾ ഉണ്ടായിരിക്കണം.<br>2. സംഘത്തിൽ ഒരു പെയ്ഡ് സെക്രട്ടറി ഉണ്ടായിരിക്കണം.<br>3. സംഘത്തിന് സർക്കാരിൽ നിന്നും ഓഹരി മൂലധനം സ്വീകരിക്കുന്നതിനുള്ള വ്യവസ്ഥ ബൈലായിൽ ഉണ്ടായിരിക്കണം.<br>4. അംഗങ്ങളുടെ ഓഹരിയും സർക്കാർ ഓഹരിയും തമ്മിലുള്ള അനുപാതം 1:3 ആയി പാലിക്കുന്നതാണെന്നുള്ള ഭരണസമിതി തീരുമാനം ഉണ്ടാകണം.<br>5. പിരിഞ്ഞു കിട്ടിയ ഓഹരിമൂലധനം 5000/- രൂപയിൽ കുറയാൻ പാടില്ല.<br>6. സംഘം അഴിമതിരഹിതമായിരിക്കണം.<br>7. ആഡിറ്റ് കുടിശ്ശിക പാടില്ല. |

സെക്ഷൻ ഓഫീസർ